**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **30-01-2024 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ പഞ്ചായത്തിലെ വൺമാൻ ട്രഷറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിൽ നേരത്തെ ഉണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തിവച്ച് സബ് ട്രഷറി ആരംഭിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും സബ് ട്രഷറി നാളിതുവരെ അനുവദിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്നാണുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള 10 വൺമാൻ ട്രഷറികൾ നിർത്തലാക്കിയത് പ്രസ്തുത വൺമാൻ ട്രഷറികളെ സബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നില്ല. 24/08/2011 ലെ സ.ഉ.(സാധാ) നം.6538/2011/ധന പ്രകാരം സംസ്ഥാനത്തെ മുഴുവൻ വൺമാൻ ട്രഷറികളും നിർത്തലാക്കിയിട്ടുണ്ട്. തൃക്കരിപ്പൂർ സബ് ട്രഷറി നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | സബ് ട്രഷറി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും പഞ്ചായത്ത് സൗജന്യമായി നൽകാൻ തയ്യാറായിട്ടുള്ള സാഹചര്യത്തിൽ ട്രഷറി അനുവദിക്കുന്നത് എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ